# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.10.2026** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. തമിഴ്നാട്ടിൽ ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi inaugurated Phase II of the Chennai Metro Rail project in Tamil Nadu.**

2. സൗദി അറേബ്യയിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി തുടരുന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ.

**India strongly condemned the repeated attacks on Saudi Arabia over the past few days.**

3. കാർഷികമേഖലയുടെ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രധാൻ മന്ത്രി ധൻ-ധാന്യ കൃഷി യോജന ഇന്ന് ഒരു വർഷം പൂർത്തിയാക്കുന്നു.

**Pradhan Mantri Dhan-Dhaanya Krishi Yojana completes one year today.**

4. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് നാളെ തുടക്കം.

**The second session of the 16th Keralam Legislative Assembly begins tomorrow.**

**5. രാജ്യത്ത് നവരാത്രി ആഘോഷങ്ങൾക്ക് ഭക്തിനിർഭരമായ തുടക്കം. ആശംസകൾ നേർന്ന് ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.**

**Navratri, 9-day long festival to worship Goddess Durga, begins with religious fervour and gaiety across the country.**

**6. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് പുരുഷ ടി- 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ഇൻഡോറിൽ.**

**In Men's cricket, India to take on West Indies in third T20 International in Indore today.**

# HEADLINES-1

**PM – CHENNAI VISIT**

തമിഴ്നാട്ടിൽ ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി സി.ജോസഫ് വിജയ്, എന്നിവർ സന്നിഹിതരായിരുന്നു. ഉദ്ഘാടന ശേഷം പ്രധാനമന്ത്രി മെട്രോയിൽ യാത്ര ചെയ്തു. വിവിധ ദേശീയപാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ചെന്നൈ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ 'LUBE OIL BASE STOCK ' പദ്ധതിക്ക് തറക്കല്ലിടുന്ന അദ്ദേഹം ഐഐടി മദ്രാസിലെ ബ്രെയിൻ സെന്ററും സന്ദർശിക്കും.

## DELHI POLICE – DIPKE GRANDMOTHER

അഭിജീത് ദിപ്കെ ഉൾപ്പെടെ കരുതൽ തടങ്കലിലായിരുന്ന സിജെപി നേതാക്കളെ ഡൽഹിയിൽ Special Executive Magistrate കോടതി വിട്ടയച്ചു. ഇന്ന് കോടതിയിൽ ഹാജരാക്കിയ അഭിജിത് ദിപ്കെ, അശുതോഷ് രങ്ക, സൗരവ് ദാസ് എന്നിവരെ ഉപാധികളോടെ വിട്ടയക്കുകയായിരുന്നു. അതെസമയം, അഭിജിത് ദീപ്കെയുടെ മുത്തശ്ശിയുടെ മരണവാർത്ത അർഹമായ പരിഗണനയോടെ അദ്ദേഹത്തെ അറിയിച്ചിരുന്നതായി ഡൽഹി പോലീസ് വ്യക്തമാക്കി.

## Delhi Police issues traffic advisory

ഡൽഹിയിൽ നിലവിലെ ക്രമസമാധാന പ്രശ്നങ്ങൾ കണക്കിൽ എടുത്ത് അനാവശ്യ യാത്രകൾ ഒഴിവാക്കണം എന്ന് ഡൽഹി പോലീസ്. ദേശീയ തലസ്ഥാനത്ത് രാവിലെ 6 മണി മുതൽ വിവിധയിടങ്ങളിൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്നും പോലീസ് അറിയിച്ചു.

## INDIA-OHCHR

ന്യൂഡൽഹിയിലെ സമീപകാല സംഭവങ്ങളെക്കുറിച്ച് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ഹൈക്കമ്മീഷണർ ഓഫീസ് നടത്തിയ പരാമർശങ്ങളെ ഇന്ത്യ തള്ളി. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയിൽ, ശക്തമായ സ്ഥാപനങ്ങൾ, സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ, എന്നിവയുടെ പിന്തുണയോടെ സമാധാനപരമായ ഒത്തുചേരലിനുള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

## Northern Railway

സാധാരണ ഷെഡ്യൂൾ പ്രകാരം തന്നെ എല്ലാ ട്രെയിനുകളും ഇന്ന് സർവ്വീസ് നടത്തുമെന്ന് ഉത്തര റെയിൽവേ അറിയിച്ചു. ഇന്നലെ പുലർച്ചെ 4 മുതൽ ഉച്ചയ്ക്ക് 2 മണി വരെ ന്യൂഡൽഹിയിലും ഹസ്രത് നിസാമുദീനിലും എത്തുന്ന എല്ലാ മെയിൽ, എക്സ്പ്രസ്സ് ട്രെയിനുകളും റദ്ദ് ചെയ്തിരുന്നു. അതെസമയം, 45 മെട്രോ സ്റ്റേഷനുകളുടെയും എൻട്രി-എക്സിറ്റ് ഗേറ്റുകൾ തുറന്നതായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു.

## NASA MUKTH

'സങ്കൽപ് അഭിയാൻ' പദ്ധതിയിലൂടെ 1.06 ലക്ഷത്തിലധികം യുവാക്കൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണം നൽകിയതായി യുവജനകാര്യ കായിക മന്ത്രാലയം. മന്ത്രാലയത്തിന് കീഴിലുള്ള 'മൈ ഭാരത്', നാഷണൽ സർവീസ് സ്കീം എന്നിവയുടെ നേതൃത്വത്തിൽ രാജ്യത്തെ തിരഞ്ഞെടുത്ത 200 സ്ഥാപനങ്ങളിലും ഗ്രാമങ്ങളിലുമാണ് പദ്ധതി നടപ്പിലാക്കിയത്.

# HEADLINES-3

## PM-DHAN-DHANNYA

പ്രധാൻമന്ത്രി ധൻ-ധാന്യ കൃഷി യോജന ഇന്ന് ഒരു വർഷം പൂർത്തിയാക്കുന്നു. കാർഷികമേഖലയെ ശക്തിപ്പെടുത്തുന്നതിനായി രാജ്യത്തെ 100 പ്രധാന കാർഷിക ജില്ലകളിലാണ് പദ്ധതി ആരംഭിച്ചത്. ഓരോ ജില്ലയുടെയും പ്രത്യേക കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, കേന്ദ്ര - സംസ്ഥാന പദ്ധതികളെയും സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തെയും ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

## SEVA SANKALP TRIPLE TALAQ (INTRO)

*പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന് വനിതാ*

_ശാക്തീകരണത്തിനായി നടപ്പിലാക്കിയ മുത്തലാഖ് നിരോധന നിയമത്തെ കുറിച്ചാണ്. 2019 ജൂലൈ 30-ന് പാർലമെൻറ് മുത്തലാഖ് നിരോധന ബിൽ പാസാക്കുകയും അതേവർഷം ഓഗസ്റ്റ് ഒന്ന് മുതൽ ഇത് നിയമമായി നിലവിൽ വരികയും ചെയ്യു.തലമുറകളായി നിലനിന്നിരുന്ന അനീതിയാണ് മുതാലാഖ് നിരോധനത്തിലൂടെ അവസാനിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പാർലമെന്റിൽ അഭിപ്രായപ്പെട്ടിരുന്നു._

_(വോയിസ്)_

☸☸☸☸☸☸☸☸☸☸☸

**94TH SUNDAYS ON CYCLE**

യുവജനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിളിൻറെ 94-ാം പതിപ്പിന് വാരാണസിയിൽ തുടക്കമായി. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ, ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. "വികസിത ഭാരതത്തിനായുള്ള നശാ മുക്ത് യുവ" എന്ന പ്രമേയത്തെ കേന്ദ്രീകരിച്ചുള്ളതാണ് പരിപാടി.

☸☸☸☸☸☸☸☸☸☸☸

# HEADLINES-4

**KERALA ASSEMBLY**

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം നാളെ ആരംഭിക്കും. സഭ ഒമ്പതു ദിവസം സമ്മേളിക്കും. കോർട്ട് ഫീസ് ഭേദഗതി ബിൽ, മദ്രാസ് ഹിന്ദു RELIGION CHARITABLE ENDOWMENT ഭേദഗതി ബിൽ എന്നിവ അവതരിപ്പിക്കും. ഈ മാസം 29 ന് സമ്മേളനം അവസാനിക്കും.

☸☸☸☸☸☸☸☸☸☸☸

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

☸☸☸☸☸☸☸☸☸☸☸

## HEADLINES-2

**INDIA – RIYADH ATTACK**

സൗദി അറേബ്യയിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി തുടരുന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. സാധാരണക്കാർക്കും അടിസ്ഥാന സൗകര്യങ്ങൾക്കും നേരെയുള്ള ഇത്തരം ആക്രമണങ്ങൾ അംഗീകരിക്കാനാവില്ലെന്നും അവ ഉടൻ അവസാനിപ്പിക്കണമെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. മേഖലയിൽ എത്രയും വേഗം സമാധാനം പുനഃസ്ഥാപിക്കാൻ സാധിക്കട്ടെയെന്ന് മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸

## HEADLINES-6

**IND_WI T20**

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ഇൻഡോറിൽ നടക്കും. രാത്രി ഏഴിനാണ് മത്സരം. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകളും നിലവിൽ പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

☸☸☸☸☸☸☸☸☸☸☸

**ISL**

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഇൻറർകാശിയെ നേരിടും. വൈകിട്ട് അഞ്ചിന് പൂണെയിലാണ് മത്സരം. രാത്രി 7.30 ന് ഗോവയിൽ നടക്കുന്ന മത്സരത്തിൽ ചർച്ചിൽ ബ്രദേഴ്സ് -മുംബൈ സിറ്റിയുമായി ഏറ്റുമുട്ടും.

☸☸☸☸☸☸☸☸☸☸☸

## HEADLINES-5

## NAVRATHRI-VP-PM (INTRO)

*നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് രാജ്യത്തുടനീളം ഭക്തിനിർഭരമായ തുടക്കം. ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ജനങ്ങൾക്ക് നവരാത്രി ആശംസകൾ നേർന്നു. കേരളത്തിൽ വിവിധ കേന്ദ്രങ്ങളിൽ നവരാത്രി ആഘോഷത്തിന് വിപുലമായ ഒരുക്കങ്ങൾ പൂർത്തിയായി. ഒരു റിപ്പോർട്ട് ......*

## NAVRATHRI-VP-PM (VO)

*നവരാത്രി നാളുകളിൽ ദുർഗ്ഗാദേവിയുടെ ഒൻപത് വ്യത്യസ്ത ഭാവങ്ങളെയാണ് ആരാധിക്കുന്നത്. നവരാത്രി പൂജയുമായി ബന്ധപ്പെട്ട് പത്മനാഭ പുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര സംയുക്ത സേനയുടെ ഗാർഡ് ഓഫ് ഓണറിന് ശേഷം നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഘോഷയാത്ര ഇന്ന് വൈകുന്നേരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തുന്നതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമാകും. ഘോഷയാത്ര കിഴക്കേക്കോട്ടയിൽ എത്തുമ്പോൾ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഉടവാൾ ഏറ്റുവാങ്ങി ആചാരപരമായ വരവേൽപ്പ് നൽകും. പദ്മതീർഥക്കുളത്തിലെ ആറാട്ടിനുശേഷം സരസ്വതിദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തും. നവരാത്രി പൂജ കഴിഞ്ഞ് ഒരു ദിവസത്തെ നല്ലിരുപ്പിനും ശേഷം ഈ മാസം 23ന് വിഗ്രഹങ്ങളും ഉടവാളും തിരിച്ചെഴുന്നള്ളത്തായി പദ്മനാഭപുരത്തേക്ക് പുറപ്പെടും. ന്യൂസ് ഡെസ്ക് ആകാശവാണി.*

## NEDUMBASSERY ACCIDENT

എറണാകുളം നെടുമ്പാശേരിയിൽ അമിത വേഗത്തിലെത്തിയ കാറിടിച്ച്, മൂന്ന് മരണം. വയനാട് സ്വദേശിനി ദേവിക, പാലക്കാട് സ്വദേശിനി ഗോപിക, സൗത്ത് കർണാടക സ്വദേശി ഇയാസ് എന്നിവരാണ് മരിച്ചത്. സംഭവത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ, റോഡ് സേഫ്റ്റി കമ്മീഷണർ എന്നിവരിൽ നിന്ന് ഗതാഗത മന്ത്രി സി പി ജോൺ റിപ്പോർട്ട് തേടി.

## INTERNATIONAL GIRLS CHID DAY

ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം. ലോകമെമ്പാടുമുള്ള പെൺകുട്ടികളെ ആദരിക്കുന്നതിനും അവരുടെ ശബ്ദത്തിനും പ്രവർത്തനങ്ങൾക്കും കരുത്തുപകരുന്നതിനുമാണ് ഒക്ടോബര് 11, അന്താരാഷ്ട്ര ബാലികാ ദിനമായി ആചരിക്കുന്നത്. പെൺകുട്ടികളുടെ അവകാശങ്ങളെ സമഗ്രമായി അംഗീകരിക്കുന്നതിനും അവയ്ക്കായി നിലകൊള്ളുന്നതിനുമുള്ള ബോധവൽക്കരണത്തിന് ദിനാചരണം പ്രാധാന്യം നൽകുന്നു. ബാലവിവാഹം അവസാനിപ്പിക്കുക, പെൺകുട്ടികളുടെ അവകാശങ്ങൾക്കായി നിക്ഷേപിക്കുക, എന്നതാണ് ഈ വർഷത്തെ പ്രമേയം

☸☸☸☸☸☸☸☸☸☸☸

**IMD**

കേരളം,മാഹി,ലക്ഷദ്വീപ്,തമിഴ്നാട്,പുതുച്ചേരി,കാരൈക്കൽ എന്നിവിടങ്ങളിൽ നാളെ ഇടിമിന്നലിനും കാറ്റിനും സാധ്യതയെന്നു കാലാവസ്ഥ വകുപ്പ്. ആന്ധ്രപ്രദേശ്, ജാർഖണ്ഡ്, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം എന്നിവിടങ്ങളിലും ഇതേ കാലാവസ്ഥ അനുഭവപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ തീരദേശ കർണാടകം,കൊങ്കൺ മേഖല,ഗോവ എന്നിവിടങ്ങളിൽ ചൂട് അനുഭവപ്പെടാൻ ഇടയുണ്ടെന്നും IMD അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸

**PM-E AUCTION**

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച സമ്മാനങ്ങളുടെ എട്ടാമത് ഇ-ലേലം ഈ മാസം 31 വരെ നീട്ടിയതായി സാംസ്കാരിക മന്ത്രാലയം അറിയിച്ചു. 30 വ്യത്യസ്ത സ്മരണികകളാണ് ഇത്തവണ ഇ-ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫോട്ടോ ഫ്രെയിമുകൾ, വിഗ്രഹങ്ങൾ, ശിൽപങ്ങൾ, എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇ- ലേലത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ pmmementos.gov.in ൽ ലഭ്യമാണ്.

☸☸☸☸☸☸☸☸☸☸☸

**UGC NET-REGISTRATION OPENS**

യുജിസി നെറ്റ് ഡിസംബർ സെഷനിലേക്കുള്ള രജിസ്ട്രേഷൻ നാഷണൽ ടെസ്റ്റിങ് ഏജൻസി ആരംഭിച്ചു. ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, അസിസ്റ്റന്റ് പ്രൊഫസർഷിപ്പ്, പിഎച്ച്ഡി എന്നിവയ്ക്ക് യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് ugcnet.nta.nic.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

ഈ മാസം 28 ആണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി. ഡിസംബർ 14 മുതൽ 19 വരെയായിരിക്കും പരീക്ഷ.